മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ചോദ്യത്തിന് ഉപചോദ്യം ചോദിക്കുന്നതിലെ മാനദണ്ഡത്തെക്കുറിച്ച് പല അംഗങ്ങൾക്കും ധാരണയില്ല. ചെയർ അത് വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. ചെയറിന് മുന്നിൽ കാണുന്ന ആളുകളെയോ ആദ്യം കൈ ഉയർത്തിയ ആളുകളെയോ വിളിക്കുക എന്ന രീതിയല്ല സ്വീകരിക്കുന്നത്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും മാറിമാറി അംഗങ്ങളെ ക്ഷണിക്കും; കക്ഷികളെ പരിഗണിക്കും; ഒരു കക്ഷിയിൽനിന്നും ഒന്നിൽക്കൂടുതൽ അംഗങ്ങൾ ഉന്നയിക്കുമ്പോൾ കക്ഷിനേതാക്കൾക്ക് പരിഗണന കൊടുക്കും; പിന്നീട് ഘടകകക്ഷികൾക്ക് കൊടുക്കും; പുതുമുഖങ്ങൾക്കും സംവരണപ്രകാരം കടന്നുവന്നവർക്കും പരിഗണന കൊടുക്കും; അങ്ങനെ എല്ലാ മാനദണ്ഡങ്ങളും പരിപാലിച്ചുകൊണ്ടാണ് ചെയ്യുന്നത്. അവസരങ്ങളുടെ കണക്ക് രേഖപ്പെടുത്തിയിട്ടുണ്ട്; ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള ഉപചോദ്യങ്ങൾ എത്രയാണെന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്യസമയത്ത് അത് ചെയറിന്റെ കൈയിൽ ലഭ്യമാകുന്നുണ്ട്. ഇതെല്ലാം നോക്കിയിട്ടാണ് അംഗങ്ങളെ വിളിക്കുന്നത്. ശ്രീ. അടൂർ പ്രകാശിനെ ഒഴിവാക്കാൻ വേണ്ടി ചെയ്യുതല്ല. ശ്രീ. റോജി എം.

ജോണിന് ഒരു തവണ മാത്രമാണ് അവസരം ലഭിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അങ്ങേയ്ക്ക് മുമ്പ് അദ്ദേഹത്തിന് പരിഗണന നൽകിയത്. അത് മനസ്സിലാക്കുക.

(അടിയന്തരപ്രമേയം)